എൻറെ യേശു എന്നുമെനിക്കെത്ര നല്ലവൻ
എല്ലാമെല്ലാം നന്മയ്ക്കായി മാറ്റും സ്നേഹിതൻ
കാൽവരിയിൽ എൻറെ ശിക്ഷയേറ്റ രക്ഷകൻ
തുല്യമില്ലാ സ്നേഹത്തെ വാഴ്ത്തിടുന്നു ഞാൻ

യേശു എത്ര നല്ലവൻ എന്നേശു എത്ര നല്ലവൻ
എന്നുമെന്നും നടത്തുവാൻ മതിയായവൻ

കൂരിരുളിൻ താഴ്വരയിൽ ദീപമായവൻ
ആർത്തനായ് വിതുമ്പിയപ്പോൾ മിഴിതുടച്ചവൻ
മരണനിഴലിലും തിരുമാർവ്വിലെന്നേയും
കരുണയോടെ ചേർത്തണച്ചോമനിച്ചവൻ

യേശു എത്ര നല്ലവൻ എന്നേശു എത്ര നല്ലവൻ
അന്ത്യത്തോളം വഹിക്കുവാൻ മതിയായവൻ

അനുഗ്രഹങ്ങൾ അനവരതം അനുഭവിക്കയിൽ
കാണുന്നതിൻ മറുവിലയാ മരക്കുരിശതിൽ
തിരുനിണത്തിനാലെൻ പാപം കഴുകിമാറ്റിയ
അരുമനാഥനായ് സമർപ്പിച്ചിടുന്നെന്നേയും

യേശു എത്ര നല്ലവൻ എന്നേശു എത്ര നല്ലവൻ
ക്രൂശിലെനിക്കായ് മരിച്ച നല്ലയിടയൻ

ആശയറ്റ ജീവിതത്തിൻ കാർമുകിൽ നീക്കി
പ്രത്യാശയിൻ നൽ മാരിവില്ലായെന്നിലുദിച്ച
നാഥനൊരുക്കീടുന്നൊരു വീടെനിക്കുണ്ട്
കാണുമെൻറെ പ്രിയരെയാ സ്നേഹതീരത്തിൽ

യേശു എത്ര നല്ലവൻ എന്നേശു എത്ര നല്ലവൻ
വേഗമെന്നെ ചേർക്കാനെത്തും സ്നേഹമണാളൻ

EnTe Yeshu Ennum Enikkethra Nallavan
Ellaam Ellaam Nanmaykkaay Maattum Snehithan
KaalVariyil EnTe Shikshayeta Rakshakan
Thulyamillaa Snehatthe Vaazhtthidunnu Njaan

Yeshu Ethra Nallavan Enneshu Ethra Nallavan
Ennum Ennum Nadatthuvaan Mathiyaayavan

Koorirulin Thaazhvarayil Deepamaayavan
AarTthanaay Vithumbiyappol Mizhi Thudacchavan
Marana Nizhalilum Thiru MaarVvilenneyum
Karunayode CherTthanacch Omanicchavan

Yeshu Ethra Nallavan Enneshu Ethra Nallavan
Anthyttholam Vahikkuvaan Mathiyaayavan

Anugrahangal Anavaratham Anubhavikkayil
Kaanunnathin Maruvilayaa Marakkurishathil
Thiru Ninatthinaalen Paapam Kazhuki Maatiya
Aruma Naathanaay SamarPpicchidunn Enneyum

Yeshu Ethra Nallavan Enneshu Ethra Nallavan

Krooshil Enikkaay Mariccha Nallayidayan

Aashayata Jeevithatthin KaarMukil Neekki
Prathyaashayin Nal Maarivillaay Enniludiccha
Naathan Orukkeedunnoru Veedenikkundu
KaanumenTe Priyareyaa Sneha Theeratthil

Yeshu Ethra Nallavan Enneshu Ethra Nallavan
Vegamenne CherKkaanetthum Sneha Manaalan